**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4801** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനായി സാംസ്കാരിക വകുപ്പ് തുക അനുവദിച്ചിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനയിൽ 2205-00-102-77-74 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 50,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സ.ഉ.(സാധാ) 354/2020/ സാം.ക.വ. തീയതി 17/09/2020 പ്രകാരം 4202-04-800-92-PVഎന്ന ശീർഷകത്തിൽ 1,96,80,000/- രൂപയുടെ ഭരണാനുമതി നൽകിയും ഉത്തരവായിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് അക്രഡിറ്റഡ് ഏജൻസിക്ക് അനുവദിക്കേണ്ട 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ